# മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം. 6433/AD A3/4/2019/AD A 3 തീയതി. 04.04.2019

കേരള പി.എസ്.സി. വഴി നിയമനം ലഭിച്ച ജീവനക്കാർ, സർവീസ് വെരിഫിക്കേഷന് അവരുടെ തിരിച്ചറിയൽ രേഖകൾ ബന്ധപ്പെട്ട പി.എസ്.സി ഓഫീസിൽ നേരിട്ട് ഹാജരായി ബോധ്യപ്പെടുത്തുന്നതിന് വേണ്ടി നടത്തുന്ന യാത്രക്ക് അർഹമായ യാത്രാബത്തയും ദിനബത്തയും അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് സ.ഉ.(പി) നമ്പർ 6/2013/പൊ.ഭ.വ. തീയതി. 09.01.2013 മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III പരിച്ഛേദം 10.17 ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് സർവകലാശാലയിൽ നടപ്പിലാക്കാൻ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായിരിക്കുന്നു.

തദ്ദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

MANOJ KUMAR K S
ASSISTANT REGISTRAR I ADMINISTRATION
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ് :

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./ പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ എഫ് ഒ സി ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി., മഹാത്മാഗാന്ധി സർവകലാശാല
5. പി.ആർ.ഒ/സിറ്റാഡ്/സി.എം.എസ്(വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി)
6. എഫ്.സി.സി./എ.സി.സി./ഫിനാൻസ് I / IV / ഓഡിറ്റ് I / IV / ഐ.ക്യു.എ.സി.
7. എഡി എ I /എഡി എ II /എഡി എ IV /എഡി എ V /എഡി സി. I/II/III
8. സ്റ്റോക്ക് ഫയൽ / റെക്കോർഡ്സ് സെക്ഷൻ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 6433/AD A3/4/2019/AD A 3 Approved by ASSISTANT REGISTRAR I ADMINISTRATION on 04-Apr-2019 01:15 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

# കേരള സർക്കാർ

സംഗ്രഹം

പൊതുഭരണ വകുപ്പ്—എസ്റ്റാബ്ലിഷ്മെന്റ്—കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി പുതുതായി നിയമനം ലഭിക്കുന്ന ജീവനക്കാർക്കും അദ്ധ്യാപകർക്കും നിയമന മെമ്മോ നൽകിയ ഓഫീസിലെ നേരിട്ടുള്ള വെരിഫിക്കേഷനുമായി ബന്ധപ്പെട്ട യാത്രയ്ക്ക് യാത്രാ ബത്തയും, ദിനബത്തയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്

സ. ഉ. (പി) നമ്പർ 6/2013/പൊ.ഭ.വ. *തിരുവനന്തപുരം, 2013 ജനുവരി 9.*

---

പരാമർശം:—1. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 14-12-2010-ലെ സ. ഉ. (പി) നമ്പർ 41/2010/പി.&എ.ആർ.ഡി.

2. പബ്ലിക് സർവ്വീസ് കമ്മീഷൻ എംപ്ലോയീസ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. എ. കെ. സാദിക്കിന്റെ 3-1-2012-ലെ നിവേദനം.

## ഉത്തരവ്

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം വ്യാജ നിയമനങ്ങൾ തടയുന്നതിനായി കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം ലഭിച്ച ജീവനക്കാർ അവരുടെ തിരിച്ചറിയൽ രേഖകൾ നിയമന ശിപാർശ നൽകിയ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ബന്ധപ്പെട്ട ഓഫീസുകളിൽ നേരിട്ട് ഹാജരായി ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ യാത്ര ചെയ്യേണ്ടി വരുന്ന പുതുതായി നിയമനം ലഭിച്ച ജീവനക്കാർക്കും അദ്ധ്യാപകർക്കും അർഹതപ്പെട്ട യാത്രാബത്ത അനുവദിക്കണമെന്ന് പബ്ലിക് സർവ്വീസ് കമ്മീഷൻ എംപ്ലോയീസ് അസോസിയേഷൻ പരാമർശം രണ്ട് പ്രകാരം സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി പുതുതായി നിയമനം ലഭിക്കുന്ന ജീവനക്കാരും അദ്ധ്യാപകരും അവരുടെ തിരിച്ചറിയൽ രേഖകൾ അവർക്ക് നിയമന

ശുപാർശ നൽകിയ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ബന്ധപ്പെട്ട ഓഫീസുകളിൽ നേരിട്ട് ഹാജരായി ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി നടത്തുന്ന യാത്രയ്ക്ക് യാത്രാബത്തയും ദിനബത്തയും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

കെ. ആർ. ജ്യോതിലാൽ,
*സെക്രട്ടറി.*

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).

പ്രസിഡന്റ്, പബ്ലിക് സർവ്വീസ് കമ്മീഷൻ എംപ്ലോയീസ് അസോസിയേഷൻ, തിരുവനന്തപുരം

എല്ലാ വകുപ്പു തലവന്മാർക്കും/ജില്ലാ കളക്ടർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

ഐ & പി. ആർ. ഡി-(ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

സെക്രട്ടേറിയറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെയും എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനുകൾക്ക്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

---